ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന **YUGM** കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും ; വിവിധ നൂതനാശയ പദ്ധതികൾക്ക് സമ്മേളനത്തിൽ തുടക്കമാകും.

**PM Modi to participate in YUGM Conclave today; Conclave aims to catalyze large-scale private investment in India's innovation ecosystem**

2.) രാജ്യത്ത് അടുത്ത മൂന്നു വർഷത്തിനുള്ളിൽ പ്രതിദിനം ഒരു ബില്യൺ **UPI** ഇടപാടുകൾ എന്ന നേട്ടം കൈവരിക്കാൻ ആഹ്വാനം ചെയ്ത് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

**Union Finance Minister Nirmala Sitharaman has underscored the need to achieve the target of one billion UPI transactions per day within the next two to three years.**

3.) കേരളത്തിൽ മനുഷ്യ വന്യ ജീവി സംഘർഷം ലഘൂകരിക്കാൻ പ്രാദേശിക സമിതികൾ ശക്തിപ്പെടുത്തി വനം വകുപ്പ് ; ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരും.

**The Forest Department has strengthened local committees to mitigate human-wildlife conflict in Kerala; District-level control committees will meet every month.**

4.) ആഗോള കത്തോലിക്കാ സഭയുടെ 267-ാം മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് അടുത്ത മാസം 7 ന് ആരംഭിക്കും.

**The Vatican has announced that the secret conclave to elect a successor to the late Pope Francis will begin on 7th of next month.**

5.) ഐ പി എൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ രാജസ്ഥാൻ റോയൽസിന് 8 വിക്കറ്റ് ജയം ; ഐ പി എല്ലിൽ സെഞ്ച്വറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി രാജസ്ഥാൻ റോയൽസിൻറെ വൈഭവ് സൂര്യവംശി.

**Rajasthan Royals beat Gujarat Titans by 8 wickets in IPL cricket; Rajasthan Royals' Vaibhav Suryavanshi becomes the youngest player to score a century in IPL.**

*********************************

## PM-YUGM

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന YUGM കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. സർക്കാർ, അക്കാദമിക് മേഖല, വ്യവസായം, നൂതനാശയ ആവാസവ്യവസ്ഥ എന്നിവയിൽനിന്നുള്ള പ്രമുഖരെ ഒരുമിച്ച് കൊണ്ടുവരുന്ന ഇത്തരത്തിലുള്ള തന്ത്രപരമായ ആദ്യ സമ്മേളനമാണ് YUGM. വാദ്വാനി ഫൗണ്ടേഷന്റെയും ഗവണ്മെന്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള സംയുക്ത നിക്ഷേപത്തോടെ ഏകദേശം 1400 കോടി രൂപയുടെ സഹകരണ പദ്ധതിയിലൂടെ ഇന്ത്യയുടെ നവീകരണയാത്രയ്ക്ക് ഇതു മുതൽക്കൂട്ടാകും. നൂതനാശയങ്ങളുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾക്ക് സമ്മേളനത്തിൽ തുടക്കമാകും. ഇന്ത്യയുടെ നൂതനാശയ ആവാസവ്യവസ്ഥയിൽ വൻ തോതിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നതാണ് സമ്മേളനത്തിന്റെ ലക്ഷ്യം. സമ്മേളനത്തിലെ ഡീപ് ടെക് സ്റ്റാർട്ടപ്പ് പ്രദർശനത്തിൽ

രാജ്യത്തുടനീളമുള്ള അത്യാധുനിക കണ്ടുപിടുത്തങ്ങൾ അവതരിപ്പിക്കും. വട്ടമേശ സമ്മേളനങ്ങളും പാനൽ ചർച്ചകളും കോൺക്ലേവിൽ നടക്കും.

******************************

## NIRMALA-UPI

അടുത്ത മൂന്നു വർഷത്തിനുള്ളിൽ പ്രതിദിനം ഒരു ബില്യൺ UPI ഇടപാടുകൾ എന്ന നേട്ടം കൈവരിക്കേണ്ടതുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. രാജ്യത്തെ UPI വ്യവസ്ഥയുടെ ഭാവി സാദ്ധ്യതകൾ, മറ്റു വശങ്ങൾ എന്നിവ അവലോകനം ചെയ്യാനായി കേന്ദ്രധനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ ന്യൂഡൽഹിയിൽ യോഗം ചേർന്നിരുന്നു. കേന്ദ്ര ധനമന്ത്രാലയം, ആർ.ബി.ഐ, നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നിവിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. UPI ഇടപാടുകളിലേയ്ക്ക് രാജ്യത്തെ കൂടുതൽ കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നിവരെ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് ശ്രീമതി നിർമ്മല സീതാരാമൻ അഭിപ്രയപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിലെ അന്തരം പരിഹരിയ്ക്കാനും, സൈബർ സുരക്ഷാ വർധിപ്പിക്കാനും നടപടി കൈക്കൊള്ളണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

******************************

## PADMA（INTRO）

ഈ വർഷത്തെ പത്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ ന്യൂഡൽഹിയിൽ സമ്മാനിച്ചു. ആകെ 71 പേരാണ് 2025-ലെ പത്മ പുരസ്കാരങ്ങൾക്ക് അർഹരായത്. രാഷ്ട്രപതി ഭവനിൽ നടന്ന പുരസ്ക്കാര വിതരണ ചടങ്ങിൽ എം.ടി. വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി നൽകിയ

പത്മവിഭൂഷൺ, അദ്ദേഹത്തിന്റെ മകൾ ഏറ്റുവാങ്ങി. കേരളത്തിൽ നിന്ന് ഡോ.ജോസ് ചാക്കോ പെരിയപ്പുറം, പി.ആർ. ശ്രീജേഷ് , കെ. ഓമനക്കുട്ടി അമ്മ എന്നിവരും പത്മ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. പത്മ പുരസ്കാരത്തിനായി തന്നെ തിരഞ്ഞെടുത്ത കേന്ദ്ര സർക്കാരിന് നന്ദി അറിയിക്കുന്നതായി പത്മശ്രീ ജേതാവ് കെ ഓമനകുട്ടിയമ്മ ആകാശവാണിയോട് പറഞ്ഞു.

( VOICE)

******************************

## INDO-FRANCE RAFALE

ഫ്രാൻസിൽ നിന്ന് 26 റഫാൽ മറൈൻ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനുള്ള പ്രതിരോധ കരാറിൽ ഇന്ത്യ ഒപ്പുവച്ചു. പ്രതിരോധ മന്ത്രാലയത്തിൻറെയും ഫ്രഞ്ച് സർക്കാരിൻറെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ന്യൂഡൽഹിയിലാണ് കരാർ ഒപ്പിട്ടത്. 26 റഫാൽ മറൈൻ വിമാനങ്ങളിൽ 22 എണ്ണം സിംഗിൾ സീറ്ററും നാല് എണ്ണം ഡബിൾ സീറ്ററുമായിരിക്കും. ഇവ ഇന്ത്യൻ നാവികസേനയുടെ ആവശ്യകത അനുസരിച്ച് രൂപകൽപ്പന ചെയ്ത് തയ്യാറാക്കും. ഐഎൻഎസ് വിക്രമാദിത്യ, ഐഎൻഎസ് വിക്രാന്ത് തുടങ്ങിയ വിമാനവാഹിനി കപ്പലുകളിൽ ഈ യുദ്ധവിമാനങ്ങൾ വിന്യസിക്കും.

******************************

## PUNJAB- DRONE SYSTEM

പഞ്ചാബിൽ, ആന്റി-ഡ്രോൺ സിസ്റ്റത്തിന്റെ പരീക്ഷണം പൂർത്തിയായി. ഇന്ത്യ-പാക് അതിർത്തിയിൽ ഉടൻ തന്നെ ഇവ സ്ഥാപിക്കും. ഇതോടെ, ഡ്രോണുകൾ വഴിയുള്ള മയക്കുമരുന്ന്, ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ എന്നിവയുടെ അതിർത്തി കടന്നുള്ള കള്ളക്കടത്ത് നിരീക്ഷിക്കുന്നത് എളുപ്പമാകും. അതിർത്തി ഗ്രാമങ്ങളിൽ ചിലയിടങ്ങളിൽ അടുത്തിടെ കൗണ്ടർ-ഡ്രോൺ സിസ്റ്റത്തിൻറെ പരീക്ഷണം നടത്തിയിരുന്നു. തരൺ തരൺ,

അമൃത്സർ ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഡ്രോൺ വഴിയുള്ള നുഴഞ്ഞുകയറ്റവും മയക്കുമരുന്നു കടത്തും നടക്കുന്നത്. 10 കിലോമീറ്റർ ചുറ്റളവിലുള്ള ഏത് പറക്കുന്ന യന്ത്രത്തെയും ഈ സംവിധാനത്തിന് കണ്ടെത്താൻ കഴിയും. ആഭ്യന്തര മന്ത്രാലയവുമായും അതിർത്തി സുരക്ഷാ സേനയുമായും ഏകോപിപ്പിച്ചാണ് വിന്യാസം നടത്തുക.

*****************************

## JK- ASSSEMBLY SESSION- (INTRO)

പഹൽഗാം ഭീകരാക്രമണത്തെ ജമ്മു കശ്മീർ നിയമസഭാ ഏകകണ്ഠമായി അപലപിച്ചു. നിയമസഭയുടെ ഒരു ദിവസത്തെ പ്രത്യേക സമ്മേളനത്തിൽ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ അന്തിമോപചാരം അർപ്പിച്ചു. ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരിയാണ് ഭീകരാക്രമണത്തെ അപലപിച്ചു കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചത്. ഭീകര ആക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബാംഗങ്ങളുടെ വേദനയിൽ പങ്കുചേരുന്നതായി അദ്ദേഹം പറഞ്ഞു.

(വോയിസ്)

*****************************

## INDIA-UK FTA

ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട് ലണ്ടനിൽ നടന്ന ചർച്ചയിൽ കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയുഷ് ഗോയൽ പങ്കെടുത്തു. ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ പുനരാരംഭിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

## FOREST – CM

കേരളത്തിൽ മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരാൻ നടപടകളുമായി വനം വകുപ്പ്. ഇതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ജില്ലാതല നിയന്ത്രണ സമിതികൾ ഉറപ്പുവരുത്തും. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണരംഗത്ത് ക്രിയാത്മക ഇടപെടലുകൾക്ക് സാധ്യമാവുന്ന നിർണായക ഉത്തരവാണിതെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. ജില്ലാ വികസന സമിതി ചേരുന്നതിനോടൊപ്പം എല്ലാ മാസവും ജില്ലാതല നിയന്ത്രണ സമിതി യോഗവും ചേരും.

*******************************

## L.MURUGAN – KOCHI

ഒരു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര സഹ മന്ത്രി ഡോ. എൽ മുരുകൻ ഇന്ന് കൊച്ചിയിലെത്തും. കൊച്ചി വൈഎംസിഎ ഹാളിൽ നടക്കുന്ന ഡോ. ബി ആർ അംബേദ്കർ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം രാത്രി ഡൽഹിയ്ക്ക് മടങ്ങും.

*******************************

## RABBIES

മലപ്പുറത്ത് പേവിഷ ബാധയേറ്റ് ചികിത്സയിലിരുന്ന അഞ്ചര വയസുകാരി മരിച്ചു. പെരുവള്ളൂർ കാക്കത്തടം സ്വദേശി സിയ ഫാരിസ് ആണ് മരിച്ചത്. പ്രതിരോധ വാക്സിൻ സ്വീകരിച്ച കുട്ടിക്ക് പിന്നീട് പേവിഷ ബാധ സ്ഥിരീകരിച്ചിരുന്നു. വാക്സിൻ പ്രവർത്തിച്ചുതുടങ്ങുന്നതിന് മുമ്പുതന്നെ പേവിഷബാധയുടെ ലക്ഷണങ്ങൾ ഉണ്ടായിരുന്നു എന്നാണ് വിലയിരുത്തൽ.

*******************************

## CHOLERA - KERALA

മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും കോളറ പകരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് മരണമടഞ്ഞ ഒരാൾക്ക് കോളറ സ്ഥിരീകരിച്ചതോടെ ആരോഗ്യ വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

*****************************

## HAJJ - KERALA

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഈ വർഷത്തെ ആദ്യ ഹജ്ജ് തീർത്ഥാടക വിമാനം മെയ് 10 ന് പുറപ്പെടും. കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് 31 വിമാനങ്ങളിലായി ആകെ 5,361 തീർത്ഥാടകരാണ് ഹജ്ജിനായി യാത്ര പുറപ്പെടുക.

*****************************

## NEW POPE CONCLAVE

ആഗോള കത്തോലിക്കാ സഭയുടെ 267-ാം മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനുള്ള കോൺക്ലേവ് അടുത്ത മാസം 7 ന് ആരംഭിക്കുമെന്ന് വത്തിക്കാൻ പ്രഖ്യാപിച്ചു. ഈ മാസം 21 ന് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തെ തുടർന്ന് ചേർന്ന കർദിനാൾ സഭയാണ് തീരുമാനം കൈക്കൊണ്ടത്. ലോകമെമ്പാടുമുള്ള 225 കർദ്ദിനാൾമാരിൽ, 80 വയസ്സിന് താഴെയുള്ള 135 പേർക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. സിസ്റ്റൈൻ ചാപ്പലിലാണ് വോട്ടെടുപ്പ് നടക്കുക. ഇന്ത്യയിൽ നിന്ന് നാല് പേർ കോൺക്ലേവിൽ പങ്കെടുക്കും.

*****************************

**I P L**

ഐ പി എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ രാജസ്ഥാൻ റോയൽസിന് 8 വിക്കറ്റ് ജയം. ഗുജറാത്ത് ഉയർത്തിയ 210 റൺസ് വിജയലക്ഷ്യം 15.5 ഓവറിൽ രാജസ്ഥാൻ മറികടന്നു. മത്സരത്തിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച രാജസ്ഥാന്റെ ഏറ്റവും പ്രായം കുറഞ്ഞ താരം 14-കാരൻ വൈഭവ് സൂര്യവംശി ഐ.പി.എല്ലിൽ സെഞ്ച്വറി നേടുന്ന പ്രായം കുറഞ്ഞ താരമെന്ന റെക്കോർഡ് സ്വന്തമാക്കി. 38 പന്തിൽ 101 റൺസാണ് വൈഭവ് സ്വന്തമാക്കിയത്. ഇന്നത്തെ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലാണ് മത്സരം.

****************************************************************************************************************************

****************************************************